# SAMAGRA PLUS

## SECOND TERM SAMPLE PRACTICE PAPER

## SOCIAL SCIENCE

**Time :2**മണിക്കൂ ർ                                                                 **Std :VII**

**നിർദ്ദേശങ്ങൾ :-**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ് .ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കുക.
- ആകെയുള്ള 8 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 പ്രവർത്തങ്ങൾക്കുത്തരം എഴുതിയാൽ മതി .

**പ്രവർത്തനം- 1**


**ഏകദേശം 6371 കിലോമീറ്ററാണ് ഭൂമിയുടെ കേന്ദ്രത്തിലേക്കുള്ള ദൂരം. ഭൂമിയുടെ ഉള്ളറയെക്കുറിച്ചുള്ള വിവരങ്ങൾ മനുഷ്യന് നേരിട്ടുചെന്ന് മനസിലാക്കുക സാധ്യമല്ല. ചില ശാസ്ത്രീയ പഠനങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഭൂമിയുടെ ഉള്ളറയെ സംബന്ധിച്ച വിവരങ്ങൾ രൂപപ്പെട്ടിട്ടുള്ളത്.**

(A) ഏതെല്ലാം പരിശോധനയിലൂടെയാണ് ഭൂമിയുടെ ഉള്ളറയെക്കുറിച്ചുള്ള വിവരങ്ങൾ നമുക്ക് ലഭിച്ചത് .

(B) ഭൂവൽക്കത്തെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏവ?

a വൻകര ഭൂവൽക്കം, സമുദ്ര ഭൂവൽക്കം എന്നിങ്ങനെ രണ്ട് ഭാഗങ്ങളുണ്ട്
b.ഇരുമ്പ്, നിക്കൽ എന്നീ ലോഹങ്ങൾ കൊണ്ട് രൂപം കൊണ്ടതാണ്
c.ശിലാമണ്ഡലം , അസ്തനോസ്ഫിയർ എന്നിങ്ങനെ രണ്ട് ഭാഗങ്ങൾ ഉണ്ട്.
d ഭൂമിയുടെ ഏറ്റവും പുറമേയുള്ള ശിലാനിർമ്മിതമായ ഭാഗമാണ് ഭൂവൽക്കം

(a) a യും b യും
(b) a യും c യും
(c) b യും c യും
(d) a യും d യും




(C) ഭൂമിയുടെ ഏറ്റവും പുറമെയുള്ള പാളി എന്ത് പേരിലാണ് അറിയപ്പെടുന്നത് ?

**പ്രവർത്തനം- 2**

**സൂര്യനിൽ നിന്നുള്ള അപകടകാരികളായ അൾട്രാവയലറ്റ് രശ്മികളെ തടഞ്ഞുനിർത്തി ഭൂമിയെ സംരക്ഷിക്കുന്നത് അന്തരീക്ഷത്തിലെ ഓസോൺ വാതകങ്ങളുടെ സാന്നിധ്യമാണ്. സെപ്തംബർ 16-നാണ് ലോക ഓസോൺ ദിനമായി ആചരിക്കുന്നത്. 1988-ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി യോഗത്തിലാണ് ഓസോൺ പാളി സംരക്ഷണദിനമായി പ്രഖ്യാപിച്ചത്.**

(A) അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിൽ എന്തെല്ലാം ദോഷങ്ങളാണുണ്ടാക്കുക ?

(B) ഏത് ദിനമാണ് ലോക ഓസോൺ ദിനമായി ആചരിക്കുന്നത് ?

**പ്രവർത്തനം- 3**

**ഭൂഖണ്ഡങ്ങളിലേതു പോലെ തന്നെ വൈവിധ്യമാർന്ന ഭൂപ്രകൃതി വിഭാഗങ്ങളും കാലാവസ്ഥയും ഉള്ള വിശാല ഭൂഖണ്ഡ ഭാഗങ്ങളെ ഉപഭൂഖണ്ഡങ്ങൾ എന്ന് വിശേഷിപ്പിക്കുന്നു.**

A) ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഭൂപ്രകൃതിയെ എത്രയായി തരംതിരിക്കാം അവയേവ ?

B) ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

**പ്രവർത്തനം- 4**

**അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ പുത്തൻ സാങ്കേതിക വിദ്യകൾ കുറഞ്ഞ നിരക്കിൽ വായ്പ ശാസ്ത്രീയ ജലസേചനം എന്നിവ ഉപയോഗിച്ച് ഭക്ഷ്യധാന്യമുള്ള ഉത്പാദനം വൻതോതിൽ വർധിപ്പിച്ച പദ്ധതിയാണ് ഹരിത വിപ്ലവം.**

(A) ഹരിത വിപ്ലവത്തിന്റെ ഏതെങ്കിലും രണ്ട് നേട്ടങ്ങളും കോട്ടങ്ങളും പട്ടികപ്പെടുത്തുക?

(B) നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നതിന് നിരവധി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്നത്.രണ്ടു പദ്ധതികളുടെ പേരും പദ്ധതിയുടെ ലക്ഷ്യവും എഴുതുക ?

(C) ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാര് ?

**പ്രവർത്തനം- 5**

**ഇന്ത്യയിൽ ഭൂരിപക്ഷം ജനങ്ങളും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ഓരോ വിളയും വിതക്കുന്നതിനും വിളവെടുക്കുന്നതിനും നിശ്ചിതകാലങ്ങൾ ഉണ്ട്. പ്രധാനമായും മൂന്ന് കാർഷിക കാലമാണ് ഇന്ത്യയിലുള്ളത്.**

(A) താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കൂ ....

| കാർഷിക കാലങ്ങൾ | മാസങ്ങൾ | വിളകൾ |
|---|---|---|
| ഖാരിഫ് | ജൂൺ, ജൂലൈ | .............(a)........... |
| റാബി | ...........(b)............ | ............(c)........... |
| ............(d).......... | വേനൽക്കാലം | തണ്ണിമത്തൻ, വെള്ളരി, പച്ചക്കറികൾ, കാലിത്തീറ്റ വിളകൾ |

(B)തന്നിരിക്കുന്ന ഭൂപടത്തിൽ ഗോതമ്പ് കൃഷി ചെയ്യുന്ന സംസ്ഥാനങ്ങൾ അടയാളപ്പെടുത്തുക.

**പ്രവർത്തനം -6**

**ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത് എന്നും ഗ്രാമങ്ങളുടെ വികസനത്തിലൂടെ മാത്രമേ രാജ്യ പുരോഗതി സാധ്യമാകൂ എന്നുമാണ് ഗാന്ധിജി വിശ്വസിച്ചത്.**

(A) ഗ്രാമ വികസനത്തെക്കുറിച്ച് ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ എന്തെല്ലാം പട്ടികപ്പെടുത്തുക.

(B) അധികാര വികേന്ദ്രീകരണത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

(C) ബൽവന്ത്റായ് മേത്ത കമ്മറ്റിയുടെ ശിപാർശ പ്രകാരം ഇന്ത്യയിൽ ആദ്യമായി പഞ്ചായത്തീരാജ് നിലവിൽവന്ന സംസ്ഥാനം ഏത് ?

**പ്രവർത്തനം 7**

**ഭൂപടങ്ങൾ ഒരു മികച്ച വിവരസ്രോതസ്സാണ്, നിത്യജീവിതത്തിൽ വിവിധ ആവശ്യങ്ങൾക്കായി നാം വ്യത്യസ്ത ഭൂപടങ്ങൾ ഉപയോഗിക്കുന്നുണ്ട്. കടലാസുകളിൽ അച്ചടിച്ച ഭൂപടം മുതൽ ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ തയ്യാറാക്കിയ ഭൂപടങ്ങൾ വരെ നാമിന്ന് ഉപയോഗിക്കുന്നു.**

(A) ഗ്ലോബുകളുടെയും ഭൂപടങ്ങളുടെയും ചില പ്രധാന സവിശേഷതകളാണ് ചുവടെ നൽകിയിട്ടുള്ളത്. അവ ഗ്ലോബുകളുടെ സവിശേഷതകൾ, ഭൂപടങ്ങ ളുടെ സവിശേഷതകൾ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തൂ.

- ഭൂമിയുടെ യഥാർഥ മാതൃക
- ഭൂമിയുടെ ദ്വിമാന ചിത്രീകരണം
- ഭൂമിയുടെ ഗോളാകൃതിയിലുള്ള ചിത്രീകരണം
- ഭൂമിയെ ഭാഗികമായോ പൂർണ്ണമായോ ഒരു പരന്ന പ്രതലത്തിൽ ചിത്രീകരിക്കുന്നത്
- ഭൂമിയെ പൂർണ്ണമായും ചിത്രീകരിക്കുന്നതിനാൽ ഭൂമിയെപ്പറ്റിയുള്ള ഒരു സമഗ്രമായ ദൃശ്യബോധം പ്രദാനം ചെയ്യുന്നു.
- രേഖാംശ രേഖകളും അക്ഷാംശ രേഖകളും നേർരേഖകളായി ചിത്രീകരിക്കുന്നു.
- രേഖാംശ രേഖകൾ അർധ വൃത്തങ്ങളായും അക്ഷാംശ രേഖകൾ കേന്ദ്രീകൃത വൃത്തങ്ങളായും ചിത്രീകരിക്കുന്നു.
- ഒരു നിശ്ചിത പ്രദേശത്തെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും യാത്രയ്ക്കായി വഴികൾ ആസൂത്രണം ചെയ്യുന്നതിനും ഏറെ പ്രയോജനകരം

(B) അറിയപ്പെടുന്നവയിൽ വച്ച് ഏറ്റവും പഴക്കമുള്ള ഭൂപടം ഏത് കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ് ?

a)ബി സി ഇ 2500 b)ബി സി ഇ 4000 c)ബി സി ഇ 3000

**പ്രവർത്തനം -8**

**ഒരു സമൂഹത്തിലെ എല്ലാവർക്കും എല്ലായ്പ്പോഴും അവരവർക്കാവശ്യമായ അളവിൽ സുരക്ഷിതവും, പോഷക സമ്പുഷ്ടവുമായ ആഹാരം ലഭ്യമാക്കുകയും, അവ നേടാൻ ആവശ്യമായ സാഹചര്യം ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഭക്ഷ്യസുരക്ഷകൊണ്ട് അർഥമാക്കുന്നത്. ഭക്ഷ്യോൽപാദനം വർദ്ധിപ്പിച്ചും, പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കിയും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താൻ ശ്രമിക്കുമ്പോഴും ചില വെല്ലുവിളികൾ നാം നേരിടുന്നുണ്ട്.**

(A) ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താൻ കഴിയാത്തതെന്ത് കൊണ്ട്?
(B) സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന ഗവൺമെന്റ് സ്ഥാപനങ്ങൾ ഏവ ? അധികം കണ്ടെത്തി പട്ടിക പൂർത്തീകരിക്കുക.

- സിവിൽ സപ്ലൈസ്
- നീതി സ്റ്റോർ
- 
- 
- 
- 

Qn. No. 5B



| Qn.No | Answer Key | Score | Total |
|---|---|---|---|
| 1 A | *അഗ്നിപർവത സ്ഫോടനങ്ങളിലൂടെ ഭൂമിയുടെ ഉപരിതലത്തിൽ എത്തിച്ചേരുന്ന വസ്തുക്കൾ പരിശോധിക്കുന്നതിലൂടെ<br>*ഖനികളിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങളിൽ നിന്നും<br>*ഭൂകമ്പ സമയത്ത് ഉണ്ടാകുന്ന തരംഗങ്ങളുടെ ചലനം വിശകലനം ചെയ്യുന്നതിലൂടെ | 2 | 5 |
| B | d | 2 | |
| C | ഭൂവൽക്കം | 1 | |
| 2A | ആഹാരശൃംഖലയുടെ തകർച്ച ,കൃഷിനാശം, സസ്യവളർച്ച മുരടിക്കൽ ,അകാല വാർധക്യം, അന്ധത, തിമിരം ,ത്വക്കിലുണ്ടാകുന്ന ക്യാൻസർ<br>(ഏതെങ്കിലും 4 എണ്ണം എഴുതിയാൽ 4 മാർക്ക് ) | 4 | 5 |
| B | സെപ്റ്റംബർ 16 | 1 | |
| 3A | പർവ്വത നിരകൾ ,വിശാലമായ സമതലങ്ങൾ മരുഭൂമി പ്രദേശങ്ങൾ ,പീഠഭൂമി പ്രദേശങ്ങൾ ,തീരസമതലങ്ങൾ ,ദ്വീപുകൾ | 3 | 5 |
| B | • അക്ഷാംശ സ്ഥാനം<br>• സമുദ്രനിരപ്പിൽനിന്നുള്ള ഉയരം<br>• ഭൂപ്രകൃതി<br>• സമുദ്രത്തിന്റെ സാമീപ്യം<br>• കാറ്റ് | 2 | |
| 4A | **നേട്ടങ്ങൾ**<br>* ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദന വർദ്ധനവ്.<br>* ഭക്ഷ്യസ്വയംപര്യാപ്തത ഉറപ്പാക്കി.<br>* ഭക്ഷ്യധാന്യങ്ങളുടെ വില കുറഞ്ഞു.<br>* ഭക്ഷ്യധാന്യങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പും കുറഞ്ഞു.<br>**പരിമിതികൾ**<br>* ജലം അമിതമായി ഉപയോഗി ച്ചതു വഴി ഭൂഗർഭജലത്തിന്റെ അളവ് ഗണ്യമായി കുറഞ്ഞു.<br>* രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം മണ്ണിന്റെ സ്വാഭാവിക ഫലഭൂയിഷ്ടത കുറച്ചു. | 2 | 5 |
| B | **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.**<br>താഴ്ന്ന വരുമാനമുള്ള പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്ക് തൊഴിൽ അവസരങ്ങളും വരുമാനവും ലഭിക്കുന്നു.<br>* **ജീവനം പദ്ധതി.**<br>സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന കുറ്റകൃത്യങ്ങൾക്കിരയായി മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഉപജീവന മാർഗം കണ്ടെത്തുന്നതിന്.<br>**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**<br>നഗര പ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് തൊഴിൽ നൽകുന്നു. | 2 | |

| | | | |
|---|---|---|---|
| | **പൊതുവിതരണ സംവിധാനം.**<br>ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നു.<br>പ്രധാനമന്ത്രി പോഷൻ ശക്തിനിർമാൻ (PM- POSHAN)<br>**സുഭിക്ഷ കേരളം പദ്ധതി**<br>കേരളത്തെ ഭക്ഷ്യസ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതി.<br>* ദേശീയ സാമൂഹ്യ സഹായ പദ്ധതി.<br>.പ്രധാനമന്ത്രി സുരക്ഷാ ഭീമായോജന<br>നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി<br>*(ഇവയിൽ ഏതെങ്കിലും 2 എണ്ണം എഴുതിയാൽ മതി)* | | |
| C | ഡോക്ടർ. എം എസ് സ്വാമിനാഥൻ | 1 | |
| 5A | (a) നെല്ല്, പരുത്തി, ചണം, അരിച്ചോളം, ബജ്റ,തുവര<br>(b)ഒക്ടോബർ, നവംബർ<br>(c) ഗോതമ്പ്, പയർവർഗ്ഗങ്ങൾ ,കടുക്<br>(d) സൈദ് | 2 | 5 |
| B | ഉത്തർപ്രദേശ്,പഞ്ചാബ്,മദ്ധ്യപ്രദേശ്, ഹരിയാന | 3 | |
| 6A | * ഗ്രാമത്തിന്റെ പ്രധാന ആവശ്യങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കുക<br>* ഗ്രാമങ്ങൾ പൂർണ റിപ്പബ്ലിക് ആവുക<br>* ആശ്രയം ആവശ്യമായി വന്നാൽ മാത്രം മറ്റുള്ളവരുമായി പരസ്പരം സഹായത്തിൽ ഏർപ്പെടുക<br>* ഗ്രാമങ്ങളുടെ പ്രധാന താല്പര്യം ഭക്ഷ്യവിളവും തുണിക്കാവശ്യമായ പരുത്തിയുടെ വിളവും വർധിപ്പിക്കുക എന്നതായിരിക്കണം<br>* കന്നുകാലികൾക്ക് ഗ്രാമത്തിൽ പ്രത്യേക സ്ഥലം ഉണ്ടായിരിക്കണം<br>* പ്രായപൂർത്തിയായവർക്കും കുട്ടികൾക്കും വിനോദവും വിനോദശാലകളും വേണം<br>* ഭൂമി, ഉൽപന്നങ്ങൾ വിളയിച്ചെടുക്കാൻ ഉപയോഗിക്കണം<br>*(ഏതെങ്കിലും 4 എണ്ണം എഴുതിയാൽ 2 മാർക്ക് )* | 2 | 5 |
| B | * പ്രാദേശിക വികസനത്തിന് പ്രാധാന്യം<br>*പൊതുജനങ്ങൾക്ക് ഭരണകാര്യങ്ങളിൽ കൂടുതൽ അധികാരവും പങ്കാളിത്തവും<br>*വികസനാവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിക്കാൻ കഴിയുന്നു<br>*പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ വികസനം<br>*സ്ത്രീകൾക്കും മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർക്കും നേതൃശേഷിയും ഭരണപരിചയവും കൈവരുന്നു.<br>*(ഏതെങ്കിലും 4 എണ്ണം എഴുതിയാൽ 2 മാർക്ക് )* | 2 | |
| C | രാജസ്ഥാൻ | 1 | |
| 7A | **<u>ഗ്ലോബ്</u>**<br>. ഭൂമിയുടെ യഥാർഥ മാതൃക.<br>. ഭൂമിയുടെ ഗോളാകൃതിയിലുള്ള ചിത്രീകരണം.<br>. ഭൂമിയെ പൂർണ്ണമായും ചിത്രീകരിക്കുന്നതിനാൽ | 4 | 5 |

| | | | |
|---|---|---|---|
| | ഭൂമിയെപ്പറ്റിയുള്ള ഒരു സമഗ്രമായ ദൃശ്യബോധം പ്രദാനം ചെയ്യുന്നു.<br>രേഖാംശ രേഖകൾ അർധ വൃത്തങ്ങളായും അക്ഷാംശ രേഖകൾ കേന്ദ്രീകൃത വൃത്തങ്ങളായും ചിത്രീകരിക്കുന്നു.<br>**<u>ഭൂപടം</u>**<br>. ഭൂമിയുടെ ദ്വിമാന ചിത്രീകരണം<br>. ഭൂമിയെ ഭാഗികമായോ പൂർണ്ണമായോ ഒരു പരന്ന പ്രതലത്തിൽ ചിത്രീകരിക്കുന്നത്<br>രേഖാംശ രേഖകളും അക്ഷാംശ രേഖകളും നേർരേഖകളായി ചിത്രീകരിക്കുന്നു.<br>. ഒരു നിശ്ചിത പ്രദേശത്തെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും യാത്രയ്ക്കായി വഴികൾ ആസൂത്രണം ചെയ്യുന്നതിനും ഏറെ പ്രയോജനകരം | | |
| B | ബി സി ഇ 2500 | 1 | |
| 8A | * ജനസംഖ്യാവർദ്ധനവ്<br>* കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്<br>* പ്രകൃതിദുരന്തം<br>* തൊഴിലില്ലായ്മ<br>* സബ്സിഡികളുടെ അഭാവം<br>* യുദ്ധം | 3 | 5 |
| B | * ത്രിവേണി സൂപ്പർമാർക്കറ്റ്<br>* പൊതുവിതരണ കേന്ദ്രം<br>* നന്മ സ്റ്റോർ<br>* മാവേലി സ്റ്റോർ<br>* ഹോർട്ടികോർപ്പ്<br>*(ഏതെങ്കിലും 4 എണ്ണം)* | 2 | |